ഭരണ പരിഷ്കാരങ്ങൾ.

11. കേരള സംസ്ഥാന സഹകരണ ബാങ്കിനുള്ള സഹായം (KSCB)

2025-26 വിഹിതം	2025-26 ചെലവ് (31.03.2026)	ശീർഷകം	2026-27 വിഹിതം
100.00	35.00	4425-108-25-34-3	100.00

കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് അവരുടെ ഓഹരിമൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും സി ആർ എ ആർ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഒറ്റത്തവണ നടപടിയായി സഹായം നൽകുന്നു. സഹകരണ സ്ഥാപനങ്ങൾക്കും അംഗങ്ങൾക്കും സേവനം നൽകുന്നതോടൊപ്പം കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും അഭിവൃദ്ധിയിലും പങ്കാളിയാകുന്ന ഒരു ആധുനിക ബാങ്കിംഗ് സ്ഥാപനമായും കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിക്കുന്നു. കേരള സഹകരണ ബാങ്ക് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സഹായം നൽകുന്നു.

കേരള സംസ്ഥാന സഹകരണ ബാങ്കിന് ഓഹരി രൂപത്തിലുള്ള സഹായമായി 2026-27 ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.